## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:178 17/12/2012 - ൽ മറുപടിക്ക്

### ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.യു. കുരുവിള :<br>,, മോൻസ് ജോസഫ്:<br>,, സി.എഫ്. തോമസ്: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) മത്സ്യ ലഭ്യതയിൽ ഉള്ള ഭീമമായ കുറവ്, മഴക്കുറവ് മൂലം ആവശ്യത്തിന് ജലം പാടശേഖരങ്ങളിലും തോടുകളിലും മറ്റും ഇല്ലാതിരിക്കൽ, ആവാസവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്നിവ മൂലം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ഉണ്ട്. ജലമലിനീകരണം, പോള ശല്യം, മത്സ്യസമ്പത്തിന്റെ ശോഷണം എന്നിവയാണ് ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ. മത്സ്യസമ്പത്തിന്റെ ശോഷണം കുറയ്ക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും റാഞ്ചിംഗ് പദ്ധതി നടത്തുന്നുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ കേജ്/പെൻ കൾച്ചർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മത്സ്യ വിഭവ സംരക്ഷണത്തിനുതകുന്ന സാങ്ച്വറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഫിർമയും അഡാക്കും നടപ്പിലാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിൽ ജലമലിനീകരണ തോത് മനസിലാക്കുന്നതിനുള്ള പഠനവും ഫിർമ നടത്തുന്നു. കൂടാതെ മത്സ്യഫെഡ് വഴി താഴെ പറയുന്ന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>1. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങ |

ളുടെ ആഭിമുഖ്യത്തിൽ മത്സ്യ ക്കൃഷി.

2. ടി സംഘങ്ങളിലെ അംഗങ്ങൾ ക്ക് മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധനോപകരണ വായ്പ, സ്വയം തൊഴിൽ വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ വായ്പ എന്നിവ.
3. ടി സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോഫൈനാൻസ് വായ്പ.

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളിക ളുടെ ജീവിത നിലവാരം മെച്ചപ്പെടു ത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ ?

(സി) മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് പുറമേ 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൂടുകളിലെ കരിമീൻ കൃഷി, വലവളപ്പുകളിലെ മത്സ്യക്കൃഷി എന്നിവ അഡാക് വഴി നടപ്പിലാക്കു ന്നുണ്ട്. ദേശീയ മത്സ്യ വികസന ബോർഡിന്റെ (NFDB) ധനസഹായ ത്തോടു കൂടി കേരളത്തിലെ 19 ജലസംഭരണികളിൽ 2010-13 കാലയള വിൽ അഡാക്കിന്റെ ആഭിമുഖ്യത്തിൽ ഇൻഡ്യൻ മേജർ കാർപ്പിനത്തിൽ പ്പെട്ട 63,23,940 എണ്ണം മത്സ്യക്കുഞ്ഞു ങ്ങളേയും 43,39,740 എണ്ണം ആറ്റ് കൊഞ്ച് കുഞ്ഞുങ്ങളെയും നിക്ഷേപി ച്ചിട്ടുണ്ട്. ഇതു കൂടാതെ വെള്ളായണി കായലിൽ മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതി നായി വെള്ളായണി കായൽ

സുസ്ഥിര മത്സ്യോല്പാദനവും മത്സ്യ തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി 2009-10 മുതൽ അഡാക് വഴി പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. മത്സ്യഫെഡ് മുഖേന ഉൾനാടൻ മത്സ്യ മേഖല യിൽ പ്രാഥമിക സഹകരണ സംഘ ങ്ങൾ വഴി ശാസ്ത്രീയ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള നടപടി കൾ, ഉൾനാടൻ ജലാശയങ്ങളിൽ കേജ്/പെൻ കൾച്ചർ പദ്ധതികൾ, അലങ്കാര മത്സ്യ കൃഷി വികസന പദ്ധതികൾ എന്നിവയും സ്വീകരിച്ചി ട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന മത്സ്യ ബോർഡിൽ അംഗത്വമുള്ള മത്സ്യ തൊഴിലാളികൾക്കായി 20 ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യ തൊഴിലാളികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ